(സി, ഡി) എല്ലാം താൽക്കാലിക കാർഡുകളും സ്ഥിരം കാർഡുകളായി മാറ്റി കൊടുത്തിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സിവിൽ സപ്ലൈസ് മുഖാന്തിരം വിൽക്കുന്ന ലെവി സിമൻറിന്റെ വില

582 [788] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് മുഖാന്തിരം വിൽക്കുന്ന ലെവി സിമൻറിന്റെ വില എത്ര എന്നും നോൺ ലെവി സിമൻറിന്റെ വില എത്ര എന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴും ലെവി സിമൻറിന്റെയും നോൺ ലെവി സിമൻറിന്റെയും വില എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 59 രൂപ 50 പൈസയും നോൺ ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 77 രൂപയുമാണ് ഇപ്പോഴത്തെ വില.

(ബി) ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 40 രൂപ 80 പൈസയും നോൺ ലെവി സിമൻറിന് ചാക്കൊന്നിന് ടാക്സടക്കം 68 രൂപയുമായിരുന്നു വില.

പടിയൂർ, മാണിപ്പാറ, പൂവച്ചാൽ, പരപ്പു എന്നിവിടങ്ങളിലെ റേഷൻ ഡിപ്പോകൾ അനുവദിക്കാൻ നടപടി

583 [789] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽപ്പെട്ട പടിയൂർ കല്ല്യാട് പഞ്ചായത്തിലെ മണപ്പാറ, ഉദയഗിരി പഞ്ചായത്തിലെ പൂവച്ചാൽ, ആലക്കോട് പഞ്ചായത്തിലെ പരപ്പു എന്നിവിടങ്ങളിൽ പുതിയ റേഷൻ ഡിപ്പോകൾ അനുവദിക്കണമെന്ന അപേക്ഷകളിൻമേൽ എന്തു തീരുമാനം കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പടിയൂർ-കല്ല്യാട് പഞ്ചായത്തിൽപ്പെട്ട കല്ലുവയൽ എന്ന സ്ഥലത്തും ഉദയഗിരി പഞ്ചായത്തിൽപ്പെട്ട പൂവച്ചാൽ എന്ന സ്ഥലത്തും പുതിയ റേഷൻ കടകൾ തുടങ്ങുവാൻ സർക്കാരിൽനിന്നും അനുവാദം കൊടുത്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

ആണവ വൈദ്യുതി നിലയം

584 [790] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം നേരിടുന്നതിനു ഒരു ആണവ വൈദ്യുതി നിലയം സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly